# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ക്രമം

(സാന്നിദ്ധ്യം വി.എസ്.ജയകുമാർ)

സംഗ്രഹം

നാസിക് ദോൾ എന്ന ക്ഷേത്ര വിരുദ്ധകലാ രൂപം നിരോധിക്കുന്നത് സംബന്ധിച്ച്.

---

നടപടി ഉത്തരവ് നമ്പർ. ആർ.ഒ.സി. 5129/16/എം. നന്തൻകോട്, തീയതി. 25.05.2016

---

പരാമർശം:- ദേവസ്വം കമ്മീഷണറുടെ 28.04.2016 ലെ ആർ.ഒ.സി.7259/16/എൻ.എസ്. നമ്പർ റിപ്പോർട്ട്.

നാസിക് ദോൾ എന്ന കലാരൂപം ക്ഷേത്രങ്ങളിൽ നിരോധിക്കണമെന്നു കാണിച്ച് ശ്രീ വി. ശിവൻകുട്ടി ഹാജരാക്കിയ അപേക്ഷയിൻ മേൽ ദേവസ്വം കമ്മീഷണറുടെ അഭിപ്രായം ആരാഞ്ഞു. നാസിക് ദോൾ എന്ന കലാരൂപം ക്ഷേത്രങ്ങളിലെ ആചാരങ്ങൾക്കും, അനുഷ്ഠാന കലകൾക്കും വളരെയേറെ ദോഷം ചെയ്യുന്നുവെന്നും, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങലിൽ നിന്നും ഈ കലാരൂപത്തെ ഒഴിവാക്കി പരിപാവനമായ ക്ഷേത്രങ്ങളെ നാശോൻമുഖമാക്കാതെയും സാംസ്ക്കാരിക തനിമ പോകാതെയും നിലനിർത്തണമെന്നും ദേവസ്വം കമ്മീഷണർ അറിയിച്ചു. ടി വിഷയം ബോർഡ് ചർച്ച ചെയ്തു താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു.

## ഉത്തരവ്

ക്ഷേത്രത്തിലെ അനുഷ്ഠാന കലകൾക്കും, ക്ഷേത്രത്തിന്റെ പരിപാവനതയ്ക്കും ദോഷം വരുത്തുന്ന 'നാസിക് ദോൾ' എന്ന കലാരൂപം തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ളള ദേവസ്വങ്ങളിൽ അവതരിപ്പിക്കുന്നത് നിരോധിച്ച് ബോർഡുത്തരവായിരിക്കുന്നു.

ദേവസ്വം കമ്മീഷണർ എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വേണ്ട നിർദ്ദേശം നൽകേണ്ടാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
ഒപ്പ്
സെക്രട്ടറി

അംഗീകാരത്തോടെ,

അസിസ്റ്റന്റ് എൻജിനീയർ

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം ചീഫ് എൻജിനീയർ (ജനറൽ)
3. ദേവസ്വം ചീഫ് എൻജിനീയർ
4. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ.........................................
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ.........................................
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്.

4/5 Nasik dhol Ban order Copy